# Official Spokesperson's response to a query on reference to Jammu & Kashmir in the Joint Statement issued by China and Pakistan

March 17, 2020

---

## ചൈനയും പാകിസ്ഥാനും ചേർന്ന് നടത്തിയ സംയുക്ത പ്രസ്താവനയിൽ ജമ്മു കശ്മീരിനെ സംബന്ധിച്ച പരാമർശത്തെ തുടർന്നുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

മാർച്ച് 17, 2020

**അന്വേഷണങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ രവീഷ് കുമാറിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു.**

"ചൈനയിലേക്കുള്ള പാകിസ്താനി പ്രസിഡന്റിന്റെ അടുത്തിടെയുള്ള സന്ദർശനത്തിനിടെ, ചൈനയും പാകിസ്ഥാനും ചേർന്ന് സംയുക്ത പ്രസ്താവനയിൽ ജമ്മു കാശ്മീരിനെ സംബന്ധിച്ച് നടത്തിയ പരാമർശത്തെ ഞങ്ങൾ നിഷേധിക്കുകയാണ്.ജമ്മു കശ്മീരിലെ കേന്ദ്ര ഭരണ പ്രദേശങ്ങൾ ഇന്ത്യയുടെ ഭാഗമാണ്. മറ്റു രാജ്യങ്ങളെ സംബന്ധിച്ചുള്ള ആഭ്യന്തര പ്രശനങ്ങളിൽ ഇന്ത്യ മിതത്വം പാലിക്കുന്നതു പോലെതന്നെ ചൈനയുൾപ്പടെയുള്ള അന്യരാജ്യങ്ങൾ ഇന്ത്യയുടെ ആഭ്യന്തര പ്രശനങ്ങളിൽ ഇടപെടരുത് എന്നും ഇന്ത്യയുടെ പരമാധികാരത്തെയും പ്രവിശ്യപരമായ അഖണ്ഡതയെയും ബഹുമാനിക്കുമെന്നു പ്രതീക്ഷിക്കുന്നു.

അത് പോലെ തന്നെ ചൈനയിൽ പാകിസ്ഥാനും തമ്മിൽ "ചൈന പാകിസ്ഥാൻ സാമ്പത്തിക ഇടനാഴി" എന്ന പേരിൽ നടക്കുന്ന പ്രോജക്ടുകളെ ഇന്ത്യ നിഷേധിക്കുകയും അതിനെക്കുറിച്ചുള്ള ആശങ്കകൾ ആവർത്തിക്കുകയും ചെയ്യുന്നു. ഇത് വരുന്നത് 1947 മുതൽ പാകിസ്ഥാൻ നിയമവിരുദ്ധമായി കയ്യേറിയിരിക്കുന്ന ഇന്ത്യൻ മേഖലകളിലാണ്. പാകിസ്ഥാൻ അധീന കാഷ്മീരിരെ ഭരണ സ്ഥിതിയിൽ മാറ്റം വരുത്തുന്നതിന് മറ്റു രാജ്യങ്ങൾ നടത്തുന്ന ഏതൊരു പ്രവർത്തനത്തെയും ഇന്ത്യ എതിർക്കുന്നതാണ്. ഇരു രാജ്യങ്ങളോടും ഇത്തരം പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒരിക്കലും ഇന്ത്യ അംഗീകരിക്കുന്നതല്ല.."

**ന്യൂ ഡൽഹി**
**17 മാർച്ച്, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**